**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283** **09-10-2025 - ൽ മറുപടിയ്ക്ക്**

**റാഗിംഗ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു. ജി. സി. മാർഗരേഖയിൽ നിർദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>UGC Regulations on Curbing the Menace of Ragging in Higher Educational Institutions, 2009 -ലെ ക്ലോസ് 6.3 (a) പ്രകാരം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ഓരോ സ്ഥാപനവും, സ്ഥാപനമേധാവി നാമനിർദ്ദേശം ചെയ്യുന്നതും നേതൃത്വം നൽകുന്നതുമായ ഒരു ആന്റി-റാഗിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇതിൽ സിവിൽ & പോലീസ് അഡ്മിനിസ്ട്രേഷൻ, ലോക്കൽ മീഡിയ, Non Gazetted Organisations എന്നിവയെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ഉണ്ടാകണമെന്നും നിർദ്ദേശി ക്കുന്നു. യു.ജി.സി റെഗുലേഷന്റെ ക്ലോസ് 6.3 (c) പ്രകാരം, ഓരോ സ്ഥാപനവും ക്യാമ്പസിനുള്ളിലെ വിവിധ മേഖലയിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ആന്റി-റാഗിംഗ് സ്ക്വാഡ് രൂപീകരിക്കണമെന്നും കൂടാതെ, യു.ജി.സി റെഗുലേഷന്റെ ക്ലോസ് 6.3 (g) പ്രകാരം, എല്ലാ സർവ്വകലാ ശാലകളും അഫിലിയേറ്റഡ് കോളേജു കളിലെയും, സ്ഥാപനങ്ങളിലെയും റാഗിംഗ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനായി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ബി) | ഇപ്രകാരമുള്ള കമ്മിറ്റികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിന്റെ ഭാഗമായി യു.ജി.സി മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള ആന്റി-റാഗിംഗ് കമ്മിറ്റികളും ആന്റി-റാഗിങ്ങ് സ്ക്വാഡുകളും |

| | | | |
|---|---|---|---|
| | | | ആന്റി റാഗിംഗ് മോണിട്ടറിംഗ് സെല്ലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | റാഗിംഗ് ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താനും അതുവഴി റാഗിംഗ് പൂർണ്ണമായും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | 1998- ലെ കേരള റാഗിംഗ് നിരോധന നിയമത്തിൽ റാഗിംഗിനെതിരെ അതിശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗിംഗ് നടത്തിയതായി തെളിയി ക്കപ്പെട്ടാൽ 2 വർഷംവരെ തടവ് ശിക്ഷയും 10,000/- രൂപ പിഴയും വരെ ലഭിക്കാവുന്നതാണ്. റാഗിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുവാനും അതുവഴി റാഗിംഗ് പൂർണ്ണമായി തടയുന്നതിനുമായി 1998-ലെ കേരള റാഗിംഗ് നിരോധന ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി കരട് ചട്ടങ്ങൾ രൂപീകരി ക്കുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പിൽ പുരോഗമിച്ചു വരുന്നു.<br><br>ഇതിനു പുറമേ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിംഗ് വിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദ മാക്കുന്നതിനും വിദ്യാർത്ഥികളേയും രക്ഷാകർത്താക്കളേയും റാഗിംഗ് വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളി കളാക്കുന്നതിനുമായി കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ തന്നെ റാഗിംഗ് നടത്തുകയോ റാഗിംഗിന് പിന്തുണ നൽകുകയോ ചെയ്യില്ല എന്നുള്ള സത്യവാങ്മൂലം വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ റാഗിംഗ് തടയുന്നതിനു വേണ്ടി യു.ജി.സി പുറപ്പെടുവിച്ചിട്ടുള്ള UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009 വായിച്ചു മനസിലാക്കിയിട്ടുണ്ടെന്നും റാഗിംഗിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും റാഗിംഗിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യ പ്പെടുത്തുകയാണ് ഈ സത്യവാങ്മൂലം പൂരിപ്പിച്ച് സമർപ്പിക്കുന്നതിലൂടെ വിദ്യാർത്ഥികൾ ചെയ്യുന്നത്. പരാതികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും, പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി Internal Complaint Committee-കൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എല്ലാ കോളേജ് ക്യാമ്പസുകളുടെയും വിവിധ ഭാഗങ്ങളിലായി റാഗിംഗ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിംഗ് നടത്തുന്നവർക്ക് ലഭിക്കാവുന്ന |

| | | | |
|---|---|---|---|
| | | | ശിക്ഷാനടപടികളെ കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. റാഗിംഗിന് വിധേയമാവുകയോ റാഗിംഗ് നടന്നതായി ശ്രദ്ധയിൽ പ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളജുകളിൽ പ്രദർശിപ്പി ച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ തന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് പോലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ അവ കൈകാര്യം ചെയ്യുന്നതിനായി നിലവിലുള്ള റാഗിംഗ് വിരുദ്ധ സംവിധാനങ്ങൾ ഉടനടി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട കോളേജുകളിലെ ആന്റി-റാംഗിംഗ് സെല്ലുകൾ പ്രാഥമിക അന്വേഷണം നടത്തുകയും കോളേജ് കൗൺസിലിന്റെ കൂടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയരായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുകയും പരാതിയിൻമേൽ സ്വീകരിക്കേണ്ട തുടർ നടപടികൾക്കായി പോലിസ് അന്വേഷണം ആവശ്യപ്പെടാറുമുണ്ട്. |

സെക്ഷൻ ഓഫീസർ